"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം -ശ്രീ.മനോജ് കുമാർ.ടി, മുനിസിപ്പൽ സെക്രട്ടറി, തിരൂരങ്ങാടി മുനിസിപ്പാലിറ്റി - പരിവർത്തിതാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.963/2024/LSGD തീയതി,തിരുവനന്തപുരം, 03-06-2024

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.06.2023 ലെ LSGD/PD/22642/2023-DEA1 നമ്പർ നടപടിക്രമം
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.06.2023,01.04.2024 എന്നീ തിയതികളിലെ LSGD/PD/22642/2023-DEA1 നമ്പർ കത്ത്

**ഉത്തരവ്**

തിരൂരങ്ങാടി മുനിസിപ്പാലിറ്റി സെക്രട്ടറി ശ്രീ.മനോജ്കുമാർ.ടി-യ്ക്ക് 28.02.2023 മുതൽ 05.04.2023 വരെ (06.04.2023, 07.04.2023, 08.04.2023 എന്നീ അവധികൾ പിന്നിൽ ചേർത്ത്) 37 ദിവസത്തെ പരിവർത്തിതാവധി മെഡിക്കൽ ഗ്രൗണ്ടിൽ അനുവദിക്കുന്നതിനായി മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാന്റെ അവധികാലയളവിൽ തിരൂരങ്ങാടി മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല ടി ഓഫീസിലെ സൂപ്രണ്ട് ശ്രീ.ഇസ്മായിൽ.സി-യ്ക്ക് നൽകിയ പരാമർശം 1 ലെ പ്രിൻസിപ്പൽ ഡയറക്ടറുടെ ഉത്തരവും സഹിതം ശ്രീ മനോജ് കുമാർ റ്റി ക്ക് പരിവർത്തിതാവധി അനുവദിക്കുന്നതിനും ശ്രീ.ഇസ്മായിൽ.സി.യ്ക്ക് തിരൂരങ്ങാടി മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന് സാധൂകരണം നൽകണമെന്നും പരാമർശം 2 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ശ്രീ.മനോജ്കുമാർ.ടി-യ്ക്ക് 06.04.2023 മുതൽ 09.04.2023 വരെയുള്ള പൊതു അവധി പിൻനിർത്തി കെ എസ്.ആർ ഭാഗം ഒന്ന് ചട്ടം 84 പ്രകാരം 28.02.2023 മുതൽ 05.04.2023 വരെ 37 ദിവസത്തെ പരിവർത്തിതാവധി അനുവദിച്ചും ടി കാലയളവിൽ തിരൂരങ്ങാടി മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ

പൂർണ്ണ അധിക ചുമതല ടി ഓഫീസിലെ സൂപ്രണ്ട് ശ്രീ.ഇസ്മായിൽ.സി-യ്ക്ക് നൽകിയ പ്രിൻസിപ്പൽ ഡയറക്ടറുടെ ഉത്തരവിന് സാധൂകരണം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പകർപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), തൃശ്ശൂർ(അവധി അപേക്ഷ സഹിതം)
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.മനോജ് കുമാർ.ടി,മുനിസിപ്പൽ സെക്രട്ടറി (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഐ&പി.ആർ.ഡി.(വെബ് &ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 04-06-2024 10:20:39
സെക്ഷൻ ഓഫീസർ